# എപിഡ്യൂറൽ വിവരങ്ങൾ അടങ്ങിയ കാർഡ്

## പ്രസവത്തിൽ എപിഡ്യൂറൽ – താങ്കൾ അറിഞ്ഞിരിക്കേണ്ടത്

(ഈ കാർഡ് ഒരു സംഗ്രഹം മാത്രമാണ്. കൂടുതൽ വിവരങ്ങൾ www.oaaformothers.info നിന്നും ലഭ്യമാണ്. എന്തെങ്കിലും മനസ്സിലാകാത്ത പക്ഷം അനസ്തറ്റിസ്റ്റുമായി സംസാരിക്കേണ്ടതാണ്)

## എപിഡ്യൂറൽ നൽകുന്ന വിധം

- താങ്കൾക്ക് കാനുലയും ചില സാഹചര്യത്തിൽ ഡ്രിപ്പും ആവശ്യമായി വരും.
- എപിഡ്യൂറൽ നൽകുന്ന സാഹചര്യത്തിൽ നിശ്ചലമായി ഇരിക്കേണ്ടത് വളരെ പ്രധാനമാണ്, കൂടാതെ കൺട്രാക്ഷൻ മൂലം ഉണ്ടാകുന്ന വേദന അനസ്തറ്റിസ്റ്റിനെ അറിയിക്കേണ്ടതാണ്.
- സാധാരണഗതിയിൽ എപിഡ്യൂറൽ നൽകുന്നതിനായി 20 മിനിറ്റും കൂടാതെ പ്രവർത്തിച്ചു തുടങ്ങുന്നതിനായി 20 മിനിറ്റും ആവശ്യമാണ്.
- ചില എപിഡ്യൂറൽ പൂർണ്ണമായി പ്രവർത്തിക്കാതെയിരിക്കും, അപ്പോൾ അത് ക്രമീകരിക്കുകയോ അഥവാ പുനഃസ്ഥാപിക്കുകയോ വേണ്ടതായി വരും.

## എപിഡ്യൂറൽ കൊണ്ടുള്ള പ്രയോജനങ്ങൾ

- സാധാരണഗതിയിൽ വേദനയ്ക്ക് മികച്ച ആശ്വാസം ലഭിക്കുന്നതാണ്.
- ചില സാഹചര്യങ്ങളിൽ വേഗത്തിൽ ഫലം ലഭിക്കുന്നതിനായി ആദ്യം സ്പൈനൽ നൽകാറുണ്ട്.
- ലോക്കൽ അനസ്തെറ്റിക്കിന്റെ രീതിയും, അളവും താങ്കൾക്ക് കട്ടിലിന് ചുറ്റും നടക്കാവുന്ന രീതിയിൽ ഭേദപ്പെടുതാവുന്നതാണ്. ഇത് താണമാത്രയിലുള്ള എപിഡ്യൂറൽ ആണ്.
- സിസേറിയൻ വേണ്ടിവരുന്ന സാഹചര്യത്തിൽ ഇതിന്റെ അളവ് ഉയർത്താവുന്നതാണ്.

## എപിഡ്യൂറൽ മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങൾ

- ശക്തിയേറിയ ലോക്കൽ അനസ്തറ്റിക്ക് ആവർത്തിച്ച് നല്കേണ്ടിവരുന്നതു മൂലം കാലുകൾക്ക് താത്കാലിക തളർച്ചയും കൂടാതെ ഫോർസെപ്പ്സ്, ഉപയോഗിച്ചുള്ള പ്രസവത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.
- എപിഡ്യൂറൽ പ്രസവത്തിന്റെ രണ്ടാം ഘട്ടം മന്ദഗതിയിൽ ആക്കാവുന്നതാണ്
- എപിഡ്യൂറൽ കാലയളവിൽ താങ്കൾക്ക് കുറഞ്ഞ രക്തസമർദ്ദം, ചൊറിച്ചിൽ, പനി എന്നിവ ഉണ്ടാകാവുന്നതാണ്.
- എപിഡ്യൂറൽ നൽകിയ ഇടം മൃദുവായിരിക്കും എന്നാൽ ഇത് കുറച്ച് ദിവസത്തേക്ക് മാത്രമായിരിക്കും.നടുവേദന എപിഡ്യൂറൽ മൂലം ഉണ്ടാകുന്നതല്ല, എന്നാൽ പ്രസവത്തിനുശേഷം ഇത് സ്വാഭാവികമാണ്.

**ഈ കാർഡിന്റെ മറുവശം എപിഡ്യൂറൽ മൂലം ഉണ്ടാകാവുന്ന അപകടസാധ്യതകൾ വിവരിക്കുന്നതാണ്**

© Obstetric Anaesthetists' Association June 2010

# എപിഡ്യൂറൽ വിവരങ്ങൾ അടങ്ങിയ കാർഡ്

പ്രസവവേദന കുറയ്ക്കുന്നനായി എപിഡ്യൂറൽ അഥവാ സ്പൈനൽ ലഭിക്കുന്നത് മൂലം ഉണ്ടാകാവുന്ന അപകടസാധ്യകൾ

| **അപകടസാധ്യതകൾ** | **ഇങ്ങനെ എത്ര പ്രാവശ്യം സംഭവിക്കാം ?** | **ഇത് എത്രത്തോളം സാധാരണമാണ് ?** |
|---|---|---|
| രക്തസമ്മർദ്ദത്തിൽ പ്രബലമായ താഴ്ച | 50 സ്ത്രീകളിൽ ഒരാൾക്ക് | യാദൃശ്ചികം |
| ഇതുകൊണ്ട് പ്രസവവേദന കുറയാത്ത പക്ഷം മറ്റു മാർഗ്ഗങ്ങൾ വേദന കുറയ്ക്കുവാൻ ഉപയോഗിക്കേണ്ടി വരുന്നത് | 8 സ്ത്രീകളിൽ ഒരാൾക്ക് | സാധാരണം |
| സിസേറിയന് ആവശ്യമായ രീതിയിൽ പ്രവർത്തിക്കാത്തത് മൂലം ജനറൽ അനസ്തെറ്റിക്ക് നൽകേണ്ടി വരുന്നത് | ഓരോ 20 സ്ത്രീകളിൽ ഒരാൾക്ക് | ചിലപ്പോൾ |
| ശക്തമായ തലവേദന | ഓരോ 100 സ്ത്രീകളിൽ ഒരാൾക്ക് (എപിഡ്യൂറൽ )<br><br>ഓരോ 500 സ്ത്രീകളിൽ ഒരാൾക്ക് (സ്പൈനൽ ) | അസാധാരണം |
| ഞരമ്പുകൾക്ക് ഉണ്ടാകാവുന്ന ഹാനി. (കാലുകൾക്കോ,പാദങ്ങൾക്കോ ഉണ്ടാകാവുന്ന മരവിപ്പ് അഥവാ കാലുകൾക്ക് തളർച്ച) | താൽകാലികം– ഓരോ 1000 സ്ത്രീകളിൽ ഒരാൾക്ക് | അപൂർവ്വം |
| പ്രഭാവം 6 മാസത്തിൽ കൂടുതൽ നിലനിൽക്കുന്നത് | സ്ഥിരം– ഓരോ 13000 സ്ത്രീകളിൽ ഒരാൾക്ക് | അപൂർവ്വം |
| എപിഡ്യൂറൽ ഇൻഫെക്ഷൻ | 50,000 സ്ത്രീകളിൽ ഒരാൾക്ക് | വളരെ അപൂർവ്വം |
| മെനിൻജൈറ്റിസ് (മസ്തിക്ഷജ്വരം) | 100,000 സ്ത്രീകളിൽ ഒരാൾക്ക് | വളരെ അപൂർവ്വം |
| എപിഡ്യൂറലിൽ രക്തം കട്ടപിടിക്കുന്നത് | 170,000 സ്ത്രീകളിൽ ഒരാൾക്ക് | വളരെ അപൂർവ്വം |
| ആകസ്മികമായ അബോധാവസ്ഥ | 100,000 സ്ത്രീകളിൽ ഒരാൾക്ക് | വളരെ അപൂർവ്വം |
| തളർവാതം ഉൾപ്പടെ ഗുരുതരമായ പരുക്ക് | 250,000 സ്ത്രീകളിൽ ഒരാൾക്ക് | വളരെ വളരെ അപൂർവ്വം |

© Obstetric Anaesthetists' Association June 2010